(1919) കാസർഗോഡ് ജില്ലയിലെ സബ്സ്റ്റേഷനുകൾ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര 33 കെ.വി. സബ്സ്റ്റേഷനുകൾ ഇക്കൊല്ലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു; എവിടെയൊക്കെ;

(ബി) ഇവയുടെ പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പെർമുദെ, ബായാർ, പുത്തിഗെ എന്നിവിടങ്ങളിൽ കൂടി 33 കെ. വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന 6 എണ്ണം :-

1. അനന്തപുരം
2. കാസർഗോഡ് ഠൗൺ
3. ബദിയഡുക്ക
4. പെർല
5. ബെല്ലൂർ
6. നീലേശ്വരം
7. വെസ്റ്റ് ഇലേരി
8. തൃക്കരിപ്പൂർ

(ബി) 2000-ാമാണ്ട് ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് ജോലികൾ നടന്നുവരുന്നു.

(സി) നിലവിലുള്ള പഠനമനുസരിച്ച് കാസർഗോഡ് ജില്ലയിൽ സാദ്ധ്യതയുള്ള എല്ലാ മേഖലകളിലും സബ്സ്റ്റേഷനുകൾക്ക് രൂപം നൽകിക്കഴിഞ്ഞു. മേലിൽ നടത്താനിടയുള്ള പഠനമനുസരിച്ച് പെർമുദെ, ബായാർ, പുത്തിഗെ എന്നീ സ്ഥലങ്ങളിൽ സബ്സ്റ്റേഷനുകൾക്ക് സാദ്ധ്യത കണ്ടാൽ പരിഗണിക്കുന്നതാണ്.

(1925) കാസർഗോഡ് ജില്ലയിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് മുൻഗണനാലിസ്റ്റ് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ പ്രസ്തുത ലിസ്റ്റ് ഏതൊക്കെയാണെന്ന് മുൻഗണന അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസരണ മേഖലയിൽ മുള്ളേരിയ, രാജപുരം എന്നിവിടങ്ങളിൽ ഓരോ 110 കെ.വി. സ്റ്റേഷനുകളും കാസർഗോഡ് ജില്ലയിൽ ഇപ്പോഴുള്ള നാല് 110 കെ.വി. സബ്സ്റ്റേഷനുകളിൽ പുതിയ 110/33 കെ.വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും, എട്ട് പുതിയ 33 കെ.വി. സബ്സ്റ്റേഷനുകൾ പണിയുവാനും പദ്ധതിയുണ്ട്. ഇതിൽ മുള്ളേരിയ സബ്സ്റ്റേഷന്റെ പണി അന്തിമ ഘട്ടത്തിലാണ്. മറ്റു ബസ് സ്റ്റേഷനുകൾ പണിയുന്നതിനാവശ്യമായ സ്ഥലമെടുപ്പു നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

വിതരണമേഖലയിൽ ഈ വർഷം ഇതുവരെ 47 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ആകെ 121 ജോലികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി)&(സി) മുൻഗണനാ ലിസ്റ്റ് ഉണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(1944) സ്റ്റീൽ ഇൻസ്ട്രിയൽ കേരളാ ലിമിറ്റഡിനെ പ്രീ-കമ്മീഷൻ ചെയ്യാതിരിക്കുന്ന നടപടി.

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി എസ്.എസ്. ആന്റ് ടി.എൻ.സി., ചീഫ് എൻജിനീയർ പുറപ്പെടുവിച്ച ആർ.ഇ.ബി.എസ്.ഐ.എഫ്.എസ്. ആന്റ് ടി.എൻ.സി. 16/99-ാം നമ്പർ ടെണ്ടർ പ്രകാരം 110 കെ.വി. സ്റ്റേഷനിൽ 691 ടൺ യാർഡ് സ്ട്രക്ചേഴ്സ് നിർമ്മിച്ചു കൊടുക്കുന്നതിന് സിൽക്കിന്റെ കണിച്ചുകുളങ്ങരയുള്ള സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ് ടെണ്ടർ കൊടുത്തെങ്കിലും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിനെ പ്രീ-കമ്മീഷൻ ചെയ്തില്ലാ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കെ.എസ്.ഇ.ബി.യുടെ ധാരാളം പണികൾ ഭംഗിയായും കൃത്യസമയത്തും ചെയ്തുകൊടുത്തിട്ടുള്ള പ്രസ്തുത പൊതുമേഖലാ സ്ഥാപനത്തെ പ്രീ-കമ്മീഷൻ ചെയ്യാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സിൽക്കിന്റെ പവർ എൻജിനീയറിംഗ് ഡിവിഷൻ ഇതര ഓർഗനൈസേഷനോടൊപ്പം ഏറ്റെടുത്ത പെപ്പാറ ഫൈഡൽ പ്രോജക്ട് സമയബന്ധിതമായി തീർത്തുകൊടുക്കുകയും യാതൊരു തകരാറും കൂടാതെ പ്രസ്തുത പ്രോജക്ട് പ്രവർത്തിക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതരസ്ഥാപനങ്ങൾ എടുത്ത മലമ്പുഴ പ്രോജക്ട് ഇപ്പോഴും തീർന്നിട്ടില്ലന്നും ചിമ്മിനി പ്രോജക്ടിന്റെ പ്രവൃത്തി തുടങ്ങിയിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഒരു പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽ കേരളാ ലിമിറ്റഡിനെയും അതിന്റെ യൂണിറ്റുകളെയും കെ.എസ്.ഇ.ബി. പ്രീ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly